DESPATCHED
On 03/02/2020

20/01/2020



സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
തിരുവനന്തപുരം-695 001
Tel: 0471 2561612/2561613/2561614/2335199, Fax: 0471 2330920
Email: sic@kerala.nic.in

ഹർജി നമ്പർ **CP 156(6)/2018/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File No.1671/SIC-Gen5/2018**

സന്നിഹിതൻ
**ശ്രീ. വിൻസൻ എം.പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ**

ശ്രീ. പി. ഡേവിഡ്,
കുട്ടിത്തറ ജയിൻ ഗാർഡൻസ്,
പായിപ്പാട്, പി.സി. കവല പി.ഒ.,
ചങ്ങനാശ്ശേരി, കോട്ടയം – 686 537. } പരാതി ഹർജിക്കാരൻ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ജില്ലാ ട്രഷറി ഓഫീസർ,
സിവിൽ സ്റ്റേഷൻ, കോട്ടയം. } എതിർകക്ഷി

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 13.1.2018 |
| മറുപടി ലഭ്യമാക്കിയ തീയതി | 14.2.2018 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 17.2.2018 |
| കമ്മീഷനിൽ പരാതി ലഭിച്ച തീയതി | 20.2.2018 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 9.1.2020 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 17.1.2020 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 20.1.2020, വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, കോട്ടയം. |
| ഹിയറിംഗ് സാന്നിദ്ധ്യം | എതിർകക്ഷി ഹാജരായി. പരാതി ഹർജിക്കാരൻ ഹാജരുണ്ടായില്ല |

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. പി. ഡേവിഡ്, കമ്മീഷൻ മുൻപാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ഹർജിക്കാരന് അർഹതപ്പെട്ട ഡി.സി.ആർ.ജി. തുക അനുവദിച്ച് കിട്ടാത്തതുമായി ബന്ധപ്പെട്ട് ആലപ്പുഴ ജില്ലാ സഹകരണ ബാങ്കിൽ നിന്നും ലഭിച്ചു എന്ന് പറയപ്പെടുന്ന കത്തിന്റെ പകർപ്പ് ആവശ്യപ്പെട്ടുകൊണ്ടാണ് ഒരപേക്ഷ നൽകിയിരുന്നതെന്നും എന്നാൽ ആയതിന്മേൽ 30 ദിവസങ്ങൾ കഴിഞ്ഞിട്ടും എന്തെങ്കിലും വിവരമോ മറുപടിയോ നൽകിയില്ലെന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ എതിർകക്ഷിയ്ക്കെതിരെ ശിക്ഷാ നടപടി സ്വീകരിക്കണമെന്നും മറ്റുമാണ്.

2. എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ പ്രസ്താവിച്ചത്, ജില്ലാ ട്രഷറി 28.1.2015 തീയതി എ1–12052/2015 നമ്പറായി അയച്ച കത്തിൽ ആലപ്പുഴ ജില്ലാ സർവ്വീസ് സഹകരണ ബാങ്കിന്റെ ഹെഡ് ഓഫീസിൽ നിന്നും ലഭിച്ച അറിയിപ്പ് പ്രകാരം മേൽപ്പടി ബാങ്കിന്റെ വിവിധ ശാഖകളിൽ നിന്നും ഹർജിക്കാരൻ നേരിട്ടോ ജാമ്യം നിന്നോ വായ്പാ എടുത്ത വകയിൽ 1,22,275/– രൂപ കുടിശ്ശിക ഉള്ള വിവരം രേഖാമൂലം അറിയിച്ചതായി പറയപ്പെടുന്നു എന്നും പ്രസ്തുത അറിയിപ്പിന്റെ പകർപ്പ് ഹർജിക്കാരന് ലഭ്യമാക്കണമെന്നുമാണ്.

3. എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ട്രഷറി വകുപ്പിലെ റിട്ടയേർഡ് ജൂനിയർ സൂപ്രണ്ടായ ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷ 15.1.2018 തീയതി കോട്ടയം ജില്ലാ ട്രഷറിയിൽ ലഭിച്ചിരുന്നു എന്നും 14.2.2018 തീയതി മേൽപ്പടി അപേക്ഷയിന്മേൽ മറുപടി നൽകിയിരുന്നു എന്നും ഹർജിക്കാരൻ ചങ്ങനാശ്ശേരി സബ് ട്രഷറിയിൽ നിന്നാണ് വിരമിച്ചത് എന്നും മേൽപ്പടി ട്രഷറിയിൽ ലഭിച്ചിട്ടുള്ള സാലറി റിക്കവറി നോട്ടീസുകളുടെ അടിസ്ഥാനത്തിൽ 19.3.2015 തീയതി എ1/5796/2015 നമ്പർ കത്ത് പ്രകാരം ചങ്ങനാശ്ശേരി സബ് ട്രഷറി ഓഫീസിൽ നൽകിയ കത്തിന്റെ അടിസ്ഥാനത്തിലാണ് 28.1.2015 തീയതിലെ ജില്ലാ ട്രഷറി ഓഫീസറുടെ എ1/12052/2015 നമ്പർ കത്ത് ഹർജിക്കാരന് നൽകിയിരുന്നതെന്നും എതിർകക്ഷി ഓഫീസിലെ 14.2.2018 തീയതിലെ മറുപടി പ്രകാരം ചങ്ങനാശ്ശേരി സബ് ട്രഷറി ഓഫീസിൽ നൽകിയ 19.3.2015 തീയതിലെ എ1/5796/2015 നമ്പർ കത്തിന്റെ പകർപ്പും ആലപ്പുഴ ജില്ലാ സഹകരണ ബാങ്കിൽ നിന്നും 16.7.2014 തീയതി ലഭിച്ച കത്തിന്റെ പകർപ്പും നൽകിയിട്ടുണ്ടെന്നും ആയതിന്റെ പകർപ്പ് കമ്മീഷൻ മുമ്പാകെ ഹാജരാക്കുന്നു എന്നും ബാങ്കുകളിൽ നിന്നും കത്തുകൾ ലഭിച്ചത് ചങ്ങനാശ്ശേരി സബ് ട്രഷറിയിൽ ആണെന്നും ആയതിനാൽ ആയതിന്റെ പകർപ്പിന് ചങ്ങനാശ്ശേരി സബ് ട്രഷറി ഓഫീസറെ സമീപിക്കുവാൻ ഹർജിക്കാരനോട് നിർദ്ദേശിച്ചിരുന്നു എന്നും ഹർജിക്കാരന് മറുപടി ലഭിച്ചില്ലെന്നു സൂചിപ്പിച്ചു കൊണ്ട് ട്രഷറി ഡയറക്ടർ മുഖേന ലഭിച്ച ഹർജിക്കാരന്റെ അപ്പീൽ അപേക്ഷയിന്മേൽ 5.3.2018 തീയതി മറുപടി നൽകിയിട്ടുള്ളതാണെന്നും ആയതു പ്രകാരം ഹർജിക്കാരന് നൽകിയ പകർപ്പുകൾ വീണ്ടും രജിസ്റ്റേർഡ് തപാലിൽ ടിയാന് അയച്ചു നൽകിയിട്ടുണ്ട് എന്നും മറ്റുമാണ്.

4. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിന്മേൽ എതിർകക്ഷി സമയബന്ധിതമായി മറുപടി നൽകിയിരുന്നു എന്നും ഹർജിക്കാരൻ അപ്പീൽ അപേക്ഷ സമർപ്പിച്ചതിനെ തുടർന്ന് ടിയാൻ ആവശ്യപ്പെട്ട രേഖകളുടെ പകർപ്പുകൾ വീണ്ടും ടിയാന് അയച്ചു നൽകിയിട്ടുള്ളതായും കാണുന്നു. ആയതിനാൽ ഈ പരാതി ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ പരാതി ഹർജി ഇന്നേ ദിവസം 2020 ജനുവരി 20–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്

വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

bnk